

# നക്സൽ ഭീഷണിയും ഓപറേഷൻ ഗ്രീൻ ഹണ്ടും

കവർസ്റ്റോറി ●

അബ്ദുൽഹകീം നദ്‌വി

“**യഥാർഥ** ഇന്ത്യ ജീവിക്കുന്നത് ഗ്രാമങ്ങളിലാണ്. യുവാക്കൾ അതിനെ വീണ്ടെടുക്കാൻ പരിശ്രമിക്കണം”– ഗാന്ധിജിയുടെ വാക്കുകളാണിത്. സ്വാതന്ത്ര്യം രാജ്യത്തിലെ അവസാന പൗരനും ലഭിക്കുന്നതിലൂടെ മാത്രമേ അത് സാർഥകമാകൂ എന്ന് ഉറച്ച് വിശ്വസിച്ചിരുന്നയാളായിരുന്നു അദ്ദേഹം. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമെന്ന അവകാശവാദം ചോദ്യം ചെയ്യപ്പെടുന്ന സാഹചര്യങ്ങൾ നമ്മുടെ രാജ്യത്ത് ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആദിവാസികൾ, ദലിതർ, പിന്നാക്ക വിഭാഗക്കാർ, ന്യൂനപക്ഷങ്ങൾ തുടങ്ങി പലരും ‘ജനാധിപത്യം’ നടപ്പിലാക്കപ്പെടുന്നതിന്റെ ഇരകളായിക്കൊണ്ടിരിക്കുന്നു. കുത്തക ഭീമന്മാരും കോർപറേറ്റ് മുതലാളിമാരും അധോലക സാമ്പത്തിക ലോബികളും ജനാധിപത്യത്തിന്റെ ലൂപ്പ് ഹോൾ ഉപയോഗിച്ച് തടിച്ചുകൊഴുക്കുന്ന ‘ജനാധിപത്യവത്കരണമാണ്’ നമ്മുടെ രാജ്യത്ത് തകൃതിയായി നടപ്പിലാക്കിവരുന്നത്.

ഇന്ത്യ അടിസ്ഥാനപരമായി ഇന്നും പട്ടിണി രാജ്യമാണ്. ഇന്ത്യ തിളങ്ങുന്നുവെന്നും രാജ്യം സാമ്പത്തികമായി കുതിക്കുന്നുമൊക്കെയുള്ള പ്രചാരണ മാമാങ്കങ്ങൾ എത്ര കൊഴുത്താലും ഈ യാഥാർഥ്യത്തോട് മുഖംതിരിക്കാൻ നമുക്കാവില്ല. സ്വാതന്ത്ര്യത്തിന്റെ ആറ് പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ ഗാന്ധിജി സ്വപ്നം കണ്ട ഇന്ത്യ ഏട്ടിലെ പശുവായി തന്നെ നിൽക്കുന്നു. രാജ്യനിവാസികളുടെ പ്രാഥമികാവശ്യങ്ങളായ ഭക്ഷണം, കുടിവെള്ളം, വിദ്യാഭ്യാസം, ചികിത്സ, പാർപ്പിടം തുടങ്ങി അടിയന്തര പ്രാധാന്യമർഹിക്കുന്ന വിഷയങ്ങൾ അവഗണിക്കുന്ന സമീപനമാണ് ഭരണകൂടങ്ങൾ

സ്വീകരിച്ചുപോരുന്നത്. ഛത്തീസ്ഗഢ്, ഉത്തരാഞ്ചൽ, ആസാം, ഒറീസ, ബിഹാർ, പശ്ചിമബംഗാൾ, ആന്ധ്രപ്രദേശ് തുടങ്ങി ഉത്തര–മധ്യേന്ത്യൻ സംസ്ഥാനങ്ങൾ ഇതിന്റെ പ്രകടമായ ഉദാഹരണങ്ങളാണ്. മാറിവരുന്ന കേന്ദ്ര–സംസ്ഥാന ഗവൺമെന്റുകൾ ഇവരുടെ അവകാശങ്ങൾക്കു നേരെ നിഷേധാത്മക സമീപനമാണ് എക്കാലത്തും സ്വീകരിച്ചുപോന്നിട്ടുള്ളത്.

പതിറ്റാണ്ടുകളായി നീതിനിഷേധങ്ങൾക്കും അവകാശലംഘനങ്ങൾക്കും വിധേയമായിക്കൊണ്ടിരിക്കുന്ന ഒരു ജനത അവരുടെ അവകാശങ്ങളുടെ ന്യായം ബോധ്യപ്പെടുകയും പ്രതികരിക്കാനാരംഭിക്കുകയും ചെയ്തപ്പോഴെല്ലാം അധികാരവും സൈനികശേഷിയും ഉപയോഗിച്ച് അടിച്ചമർത്താനുള്ള ശ്രമങ്ങളാണ് പലപ്പോഴും ഉണ്ടായിട്ടുള്ളത്. 'ആഭ്യന്തര സുരക്ഷക്ക് ഏറ്റവും വലിയ ഭീഷണി'യെന്ന് പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗും ഇന്ത്യയുടെ ഏറ്റവും വലിയ ശത്രു എന്ന് ആഭ്യന്തര മന്ത്രി പി. ചിദംബരവും വിശേഷിപ്പിക്കുന്ന നക്സൽ–മാവോ വാദങ്ങളുടെയും അവരുയർത്തുന്ന ഭീഷണിയുടെയും നാരായവേര് അന്വേഷിക്കുമ്പോൾ ചെന്നെത്തുന്ന ഇന്ത്യയുടെ ചിത്രമാണിത്. ലോകതലത്തിൽ ഭീകരവാദം എന്ന് പേരിട്ട് വിളിച്ച ചെറുത്തുനിൽപ്പുകൾ രൂപപ്പെട്ടത് നീതിനിഷേധങ്ങളുടെയും അവകാശ ലംഘനങ്ങളുടെയും കയ്പേറിയ അനുഭവങ്ങളിൽനിന്നാണ് എന്നതാണ് പരാമർഥം.

ഒരുവശത്ത് ജീവിതത്തിന്റെ അടിസ്ഥാന സൗകര്യങ്ങളും പ്രാഥമികാവകാശങ്ങളും നിഷേധിക്കപ്പെട്ട് പട്ടിണിയും ദാരിദ്ര്യവും നിരക്ഷരതയും രോഗാതുരതയുമായി കഴിഞ്ഞുകൂടുന്ന സാധുജനങ്ങൾ. അവർക്ക് ഭരണകൂടങ്ങളെ സ്വാധീനിക്കാനോ ഉദ്യോഗസ്ഥരെ കൈയിലെടുക്കാനോ പോയിട്ട് നിവർന്ന് നിന്ന് കാര്യങ്ങൾ ബോധിപ്പിക്കാനുള്ള കഴിവു പോലുമില്ല. മറുവശത്ത് മുതലാളിത്ത രഥത്തിലേറി സാധുക്കളുടെ ഭൂമി കൈയേറിയും എതിർക്കുന്നവരെ കൈയേറ്റം ചെയ്തും ഭരണകൂട പിന്തുണയും ഉദ്യോഗസ്ഥ തണലും നിലനിർത്തിപ്പോരുന്ന വൻകിട കോർപ്പറേറ്റുകൾ. നക്സലിസവും മാവോ വാദവുമെല്ലാം ദീർഘകാലത്തിനു ശേഷം വീണ്ടും ശക്തിപ്രാപിക്കാനുണ്ടായ ഇന്ത്യൻ സാഹചര്യം ഇതാണ്.

സ്വതന്ത്ര ഇന്ത്യയിൽ ശക്തിപ്രാപിച്ച നക്സൽ പ്രസ്ഥാനം പിന്നീട് പല കാരണങ്ങളാൽ ഉൾവലിയുകയും പ്രവർത്തനങ്ങൾ മയപ്പെടുത്തുകയും ചെയ്തിരുന്നുവെങ്കിലും ഈ അടുത്തകാലത്ത് വീണ്ടും ശക്തിപ്രാപിക്കുകയാണ്. ആഭ്യന്തരമന്ത്രാലയത്തിലെ ഒരു റിപ്പോർട്ട് പ്രകാരം 2001 വരെ ഇന്ത്യയിലൊട്ടാകെ 56 ജില്ലകളിൽ മാത്രമാണ് നക്സൽ ഭീഷണി നിലനിന്നിരുന്നത്. എന്നാൽ ഇന്നത് 12 സംസ്ഥാനങ്ങളിലായി 223 ജില്ലകളിലെങ്കിലും വ്യാപിച്ചുകഴിഞ്ഞിട്ടുണ്ട്. എട്ടു വർഷം കൊണ്ട് നാലിരട്ടിയലധികം വളർച്ചയുണ്ടായെന്നർഥം. ചില സംസ്ഥാനങ്ങളിൽ ജില്ലകളുടെയും പ്രദേശങ്ങളുടെയും പൂർണ നിയന്ത്രണം അവരേറ്റെടുത്ത് സമാന്തര ഭരണസംവിധാനവുമുണ്ടാക്കിയതായും റിപ്പോർട്ടുണ്ട്. കഴിഞ്ഞ മാസാദ്യം ഛത്തീസ്ഗഢിലെ ദന്തെവാഡ ജില്ലയിൽ 76 സുരക്ഷാഭടന്മാർ മരിക്കാനിടയായ വൻ ഓപ്പേറേഷൻ വരെ അവർ നടത്തി. രാജ്യത്തെ ഒന്നാകെ നടുക്കിയ ആക്രമണമായിരുന്നു മുക്രാന നിബിഡ വനഭൂമിയിൽ നടന്ന ഈ ഓപ്പറേഷൻ.

കേന്ദ്ര സർക്കാർ നക്സലുകളെയും മാവോ വാദികളെയും തുരത്താൻ പ്രതിജ്ഞാബദ്ധമാണെന്ന് പ്രഖ്യാപിച്ച് 'ഓപ്പറേഷൻ ഗ്രീൻ ഹണ്ടി'ന് തുടക്കം കുറിച്ച ഘട്ടത്തിലായിരുന്നു ഈ ആക്രമണം. ഛത്തീസ്ഗഢ് ആംഡ് ഫോഴ്സ്, സി.ആർ.പി.എഫ്, ബി.എസ്.എഫ്, സി.ഐ.എസ്.എഫ്, ഇന്തോ തിബത്തൻ ഫോഴ്സ്, ഗ്രേ ഹൗണ്ട്സ്, സ്കോർപിയോൺ, മൂർഖൻ കമാൻഡോകൾ തുടങ്ങി സർവ സന്നാഹങ്ങളുമായാണ് മാവോയിസ്റ്റുകൾക്കെതിരെയുള്ള നീക്കങ്ങൾ. ഇവക്ക് പുറമെ ഭൂസ്വാമിമാരും കോർപറേറ്റ് ഭീമന്മാരും ഗവൺമെന്റുകളും സ്പോൺസർ ചെയ്ത 'സൽവജൂദൂം' എന്ന നാടൻ സായുധ കമാൻഡോകളുമുണ്ട്. ടാറ്റാ സ്റ്റീൽസും എസ്സാർ സ്റ്റീൽസുമാണ് ഈ ഭീകര ഗ്രൂപ്പിനെ തീറ്റിപ്പോറ്റി വളർത്തുന്നതെന്ന് അങ്ങാടിപ്പാട്ടാണ്.

സൽവാജുദൂം എന്നാൽ സമാധാനത്തിനുള്ള കൂട്ടായ്മ എന്നാണത്രെ അർഥം. 2005–ൽ രൂപവത്കരിച്ച ഈ കാടൻ കൂട്ടായ്മയുടെ പ്രധാന ജോലി ആദിവാസികളെയും കർഷകരെയും അവരുടെ പ്രദേശങ്ങളിൽനിന്നും തുരത്തി ഓടിക്കലാണ്. എതിർക്കുന്നവരെ ക്രൂരമായി മർദിക്കുകയും തെരുവിൽ കൊന്നുതള്ളുകയും ചെയ്യുമിവർ. ഇവർക്കാവശ്യമായ കള്ളും പെണ്ണും ആടും കോഴിയുമെല്ലാം ആദിവാസി ഊരുകളിൽനിന്നും കർഷക ഭവനങ്ങളിൽനിന്നും ഇവർ തന്നെ സംഘടിപ്പിച്ചുകൊള്ളും. അതിനുള്ള ലൈസൻസ് സർക്കാറുകൾ അവർക്ക് അലിഖിതമായി പതിച്ചു നൽകിയിരിക്കുകയാണ്.

ആദിവാസികൾ പ്രകൃതിയുടെ മടിയിൽ ജീവിക്കുന്നവരാണ്. വനാന്തരങ്ങളിലും നദിക്കരയിലും മലമുകളിലുമെല്ലാമാണ് അവരുടെ ആവാസകേന്ദ്രങ്ങൾ. നക്സകൽ വേട്ടയുടെ പേരിൽ ഇവരെ സ്വഭവനങ്ങളിൽനിന്നും തുരത്തിയോടിച്ച് തകരഷീറ്റുകൾകൊണ്ട് മേഞ്ഞ ക്യാമ്പുകളിൽ പാർപ്പിക്കുന്നു. സമ്മതിക്കാത്തവരെ നക്സലുകളെ സഹായിക്കുന്നവർ എന്ന മുദ്രകുത്തി പീഡിപ്പിക്കുന്നു. ഛത്തീസ്ഗഢിലെ ബി.ജെ.പി മുഖ്യമന്ത്രി രമൺ സിംഗ് അതിന്റെ ന്യായം ചമക്കുന്നതിപ്രകാരമാണ്: "ക്യാമ്പുകളിലേക്ക് മാറാത്ത ഏതു ഗ്രാമീണനെയും മാവോവാദിയെന്നോ നക്സലെന്നോ തീരുമാനിക്കാൻ സർക്കാരിനധികാരമുണ്ട്." ക്യാമ്പിൽ ജീവിക്കുന്ന ഈ സാധുക്കൾ അങ്ങാടിയിൽ പോയി വാങ്ങുന്ന സാധനങ്ങളുടെ അളവ് കൂടിയാൽ പോലും അവരുടെ മേൽ 'നക്സൽ ക്യാമ്പുകളിലേക്ക് സാധനമെത്തിക്കുന്നവർ' എന്ന മുദ്ര വീഴുകയായി.

ജിഹാദ്+ഇസ്ലാം=ഭീകരവാദം എന്ന സൂത്രവാക്യം രൂപപ്പെടുത്തിയ തലച്ചോറുകൾ തന്നെയാണ് നക്സൽ വേട്ടയും ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നത്. നക്സൽ ഉന്മൂലനത്തിന് വേണ്ട പരിശീലനം ഉന്നത പോലീസുദ്യോഗസ്ഥർക്കും സൈനികർക്കും നൽകുന്നത് ഇസ്രയേലിലെ മൊസാദ് എന്ന ചാരസംഘടനയാണെന്ന് ഔദ്യോഗിക ഭാഷ്യങ്ങൾ തന്നെ വ്യക്തമാക്കുന്നു. ഇതിനായി അവരിൽനിന്ന് ലേസർ തോക്കുകളും പൈലറ്റില്ലാ വിമാനങ്ങളും വരെ ഗവൺമെന്റ് വാങ്ങിക്കഴിഞ്ഞു. അതുകൊണ്ടുതന്നെയാണ് ഓപ്പറേഷൻ ഗ്രീൻ ഹണ്ടിനെതിരെ സ്വന്തം പാർട്ടി പാളയത്തിൽനിന്നുതന്നെ ശക്തമായ പ്രതിഷേധക്കൊടി ഉയരുന്നത്. എ.ഐ.സി.സി ജനറൽ സെക്രട്ടറി ദിഗ്വിജയ് സിംഗ്, മണിശങ്കർ അയ്യർ, കേന്ദ്രമന്ത്രി ജയറാം രമേശ്, കെ. കേശവറാവു, അജിത് ജോഗി തുടങ്ങി പലരും ഇതിനകം പ്രതിഷേധവുമായി രംഗത്തുവന്നുകഴിഞ്ഞു. ചർച്ചയിലൂടെ രമ്യമായി പരിഹരിക്കുന്നതിന് പകരം സൈനിക ഓപറേഷനുമായി മുന്നോട്ടുപോകുന്ന പി. ചിദംബരത്തിന്റേത് ബുദ്ധിപരമായ അഹന്തയെന്നാണ് ദിഗ്വിജയ് സിംഗ് തുറന്നടിച്ചത്.

കേന്ദ്ര സംസ്ഥാന സർക്കാറുകൾ തുടർന്നുപോരുന്ന വികസനനയങ്ങൾ അടിസ്ഥാന വർഗങ്ങൾക്കെതിരാവുകയും ഭൂമാഫിയകളെയും മൾട്ടി നാഷ്നൽ കമ്പനികളെയും സഹായിക്കുന്നവിധം നടപ്പിലാക്കപ്പെടുകയും ചെയ്യുമ്പോൾ ഉയരുന്ന ഇരകളുടെ ശബ്ദം സർക്കാറുകൾ അവഗണിക്കുകയാണ്. ഛത്തീസ്ഗഢിലെ ബിജാബൂർ, ബൈറാംഗർ എന്നീ ജില്ലകൾ ടാറ്റാ സ്റ്റീലിനും എസ്സാർ സ്റ്റീലിനും പശ്ചിമംബഗാളിലെ നന്ദിഗ്രാം, സിംഗൂർ ജില്ലകൾ ടാറ്റാ കാർ ഫാക്ടറിക്കും മലേഷ്യയിലെ സലിം ഗ്രൂപ്പിനും പതിച്ചുനൽകാൻ സംസ്ഥാന ഗവൺമെന്റുകൾ തീരുമാനിക്കുകയും പ്രദേശവാസികളുടെ പ്രതിഷേധം കാണാതെ പോവുകയും ചെയ്തപ്പോഴുണ്ടായ അരക്ഷിതാവസ്ഥയിൽ നിന്നാണ് നക്സലിസവും മാവോവാദവും കൂടുതൽ ശക്തിപ്രാപിച്ചതെന്ന നിരക്ഷണം ഏറെ ശ്രദ്ധേയമാണ്.

നക്സലിസം ശക്തിപ്പെടുന്നത് നീതിനിഷേധങ്ങളിൽനിന്നാണെന്ന് അംഗീകരിക്കുമ്പോഴും അവർ നടത്തുന്ന കൂട്ടക്കുരുതികൾ യാതൊരു നീതീകരണവുമില്ലാത്തതാണെന്ന് പറയാതെ വയ്യ. കഴിഞ്ഞ ഏപ്രിൽ ആറിന് 76 സി.ആർ.പി.എഫ് ജവാന്മാരുടെ മരണത്തിനിടയാക്കിയ ഭീകരമായ ഓപ്പറേഷനാണ് അതിൽ ഒടുവിലത്തേത്. സുരക്ഷാ ഏജൻസികൾക്കെതിരിലുള്ള ഓപ്പറേഷനുകളിൽ ചിലപ്പോൾ സാധാരണക്കാരും ബലിയാടുകളാവുന്നു. 2007 മാർച്ച് 15-ന് ബീജാപൂരിൽ നടന്ന പോരാട്ടത്തിൽ 55 പേരാണ് കൊല്ലപ്പെട്ടത്. 2006 ഫെബ്രുവരി 25-ന് നടന്ന മറ്റൊരു ആക്രമണത്തിലും ജീവഹാനി സംഭവിച്ചിരുന്നു.

കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തെയും സൗത്ത് ഏഷ്യാ ടെററിസം പോർട്ടൽ എന്ന ഏജൻസിയെയും ഉദ്ധരിച്ചു കൊണ്ട് 2010 ഏപ്രിൽ 7-ന് *ടൈംസ് ഓഫ് ഇന്ത്യ* റിപ്പോർട്ട് ചെയ്തത് ഇപ്രകാരമാണ്. "2009 വർഷത്തിൽ ഏറ്റവും വലിയ സംഘർഷ മേഖലയായ ജമ്മുകശ്മീരിൽ വിവിധ അക്രമങ്ങളിലും സൈനിക ഓപ്പറേഷനുകളിലുമായി 1133 പേരാണ് മരണപ്പെട്ടതെങ്കിൽ അതേ വർഷം നക്സൽ ഓപ്പറേഷനുകളിലൂടെ 1134 പേർക്കാണ് ജീവഹാനി സംഭവിച്ചത്. ഈ വർഷം (2010) മാർച്ച് 30 വരെ കശ്മീരിൽ 29 പേരാണ് മരണപ്പെട്ടത്. എന്നാൽ നക്സൽ ആക്രമണത്തിൽ ഇക്കഴിഞ്ഞ മൂന്ന് മാസത്തിനുള്ളിൽ മാത്രം 132 പേർ വധിക്കപ്പെട്ടു. അതിനു ശേഷം ഇന്നുവരെ നടന്നത് കൂടി ഉൾപ്പെടുത്തുകയാണെങ്കിൽ 250-ലധികം ആളുകളുടെ ജീവൻ ബലിയർപ്പിക്കപ്പെട്ടുകഴിഞ്ഞു."

ഇത്തരം ഭീകരാക്രമണങ്ങൾ സ്ഥിതി കൂടുതൽ വഷളാക്കാൻ മാത്രമാണ് സഹായകമാവുക. ചർച്ചകളിലൂടെ മാത്രമേ സാമൂഹിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാവൂ. അതിന് ഇരുപക്ഷവും രക്തരൂഷിത ഓപ്പറേഷനുകൾ നിർത്തിവെക്കണം. ഇന്ത്യയെ ദുർബലപ്പെടുത്തുക എന്ന ലക്ഷ്യ

ത്തോടെ വിദേശ ശക്തികളുടെ കരങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നും അന്വേഷിക്കേണ്ടതുണ്ട്.

### നക്സലിസം
### ഒരു ചരിത്ര വിശകലനം

ഇന്ത്യയിൽ നക്സൽ പ്രസ്ഥാനം ആരംഭിക്കുന്നത് 1967 മെയ് മാസത്തിലാണ്. പശ്ചിമബംഗാളിലെ ഡാർജിലിംഗ് ജില്ലയിൽ നക്സൽ ബാഡി എന്ന പ്രദേശത്താണ് ഇതിന്റെ തുടക്കം. അതുകൊണ്ടാണ് പിന്നീട് മാവോയിസത്തെ അടിസ്ഥാനപ്പെടുത്തിയ ഈ പ്രസ്ഥാനം നക്സലിസം എന്ന പേരിൽ അറിയപ്പെട്ടത്. ചാരുമജുംദാർ എന്ന കമ്യൂണിസ്റ്റ് നേതാവിന്റെ ബുദ്ധിയും ഈയിടെ ആത്മഹത്യ ചെയ്ത കനു സന്യാലിന്റെ നേതൃപാടവും ജങ്കൽസന്തലിന്റെ രാഷ്ട്രീയ നായകത്വവും ഉൾച്ചേർന്നാണ് നക്സലിസം രൂപപ്പെടുന്നത്. ആദിവാസികൾ, കർഷകർ, കുടിയാന്മാർ, ദരിദ്രർ, പാർശ്വവത്കൃതർ തുടങ്ങിയ അടിസ്ഥാന വർഗത്തിന്റെ പക്ഷം നിന്ന് ഭൂമാഫിയകളുടെയും ജന്മിമാരുടെയും കിരാത മർദകവാഴ്ചയുടെ ഭീകരതയിൽനിന്നും അവരെ രക്ഷപ്പെടുത്തുക എന്നതായിരുന്നു ലക്ഷ്യം.



**പാർശ്വവത്കൃത ജനവിഭാഗങ്ങളെ അവഗണിക്കുകയും അവരുടെ ജീവിതമാർഗങ്ങൾ തടയപ്പെടുകയും ചെയ്യുന്ന സാഹചര്യം നമ്മുടെ രാജ്യത്തിന്റെ വികസനമാതൃകയുടെ അടയാളമായി മാറിക്കഴിഞ്ഞിരിക്കുന്നു. അവരുടെ നിലവിളികളും രോദനങ്ങളും അന്തരീക്ഷത്തിലലിഞ്ഞില്ലാതാകുമ്പോൾ നിലനിൽപിനായി ഏതറ്റം വരെയും പോകാൻ അവർ നിർബന്ധിതരാവുകയാണ്. നിലവിൽ നക്സൽ-മാവോ ഭീഷണി ശക്തമാകാനുള്ള സാഹചര്യം ഇതാണ്.**

നക്സലിസത്തിന്റെ ബുദ്ധികേന്ദ്രമായ ചാരുമജുംദാർ രചിച്ച 'എട്ട് ചരിത്ര രേഖകൾ' (Eight Historic Documents) എന്ന പേരിലറിയപ്പെട്ട സമാഹാരമാണ് നക്സലിസത്തിന്റെ അടിസ്ഥാന കൃതിയായി പരിഗണിക്കപ്പെട്ടുപോരുന്നത്. 1972 ജൂലൈ 16-ന് ചാരുമജുംദാർ പോലീസ് പിടിയിലാവുകയും ജൂലൈ 28 ലാൽബസാർ പോലീസ് സ്റ്റേഷൻ ലോക്കപ്പിൽ വെച്ച് പോലീസ് മർദനത്തിൽ കൊല്ലപ്പെടുകയും ചെയ്തു.

ഇന്ത്യൻ കമ്യൂണിസ്റ്റ് പ്രസ്ഥാനം സ്വാതന്ത്ര്യത്തിനു മുമ്പ് പ്രവർത്തനമാരംഭിച്ചിട്ടുണ്ടെങ്കിലും സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ 1948-ൽ ആന്ധ്രപ്രദേശിലെ കർഷകർക്കിടയിലാണ് വ്യവസ്ഥാപിത പ്രവർത്തനങ്ങൾ ആരംഭിച്ചത്. 'തെലുങ്കാനാ മൂവ്മെന്റ്' എന്ന കൂട്ടായ്മ കമ്യൂണിസത്തിന് ആന്ധയിൽ വേരുണ്ടാക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. 'ആന്ധ്ര ലീഡർ' എന്ന പേരിൽ പ്രസിദ്ധീകരിച്ച ലഘുലേഖയിലൂടെയാണ് കമ്യൂണിസ്റ്റ് ആശയങ്ങൾ പ്രചരിച്ചത്. 'ആന്ധ്ര ലീഡർ' ലഘുലേഖ മാവോ സേതുങ്ങിന്റെ രാഷ്ട്രീയ നിരീക്ഷണങ്ങളും ചിന്തകളും സമാഹരിച്ച് തയാറാക്കപ്പെട്ടതായിരുന്നു. നക്സലിസത്തിന് വഴികാണിച്ച ഒരു ചരിത്ര രേഖ കൂടിയാണിത്. സി.പി.എം ഉൾപ്പെട്ട ഇടതുപക്ഷം ചിദംബരത്തിന്റെ ഓപ്പറേഷൻ ഗ്രീൻ ഹണ്ടിന് സർവ പിന്തുണയും വാഗ്ദാനം ചെയ്യുമ്പോൾ ഓർക്കേണ്ട ഒരു ചരിത്ര സത്യം കൂടിയാണിത്.

ആദിവാസി-കർഷക മേഖലകളിൽ വ്യവസ്ഥാപിതമായ രാഷ്ട്രീയ പ്രവർത്തനത്തിലൂടെയാണ് അവർ വേരുറപ്പിച്ചത്. വിദ്യാർഥികൾക്കിടയിൽ റാഡിക്കൽ സ്റ്റുഡന്റ്സ് യൂനിയനും (ആർ.എസ്.യു) യുവാക്കൾക്കിടയിൽ റാഡിക്കൽ യൂത്ത് ലീഗും (ആർ.വൈ.എൽ) രൂപവത്കരിച്ചു. മുസ്‌ലിം സമൂഹത്തെ സ്വാധീനിക്കാൻ ഇൻഖിലാബി മുസ്‌ലിം കോൺഫറൻസ് എന്ന കൂട്ടായ്മയും അവർക്കുണ്ടായിരുന്നു.

സാധാരണക്കാരുടെ പ്രസ്ഥാനം എന്ന പ്രതിഛായ നിലനിർത്തി അക്കാദമിക -വിദ്യാഭ്യാസ മേഖലയിലേക്ക് കൂടി കടന്നുവരാൻ അവർക്കായി. 1970-ൽ ആന്ധ്രപ്രദേശിൽ റവല്യൂഷനറി റൈറ്റേഴ്സ് അസോസിയേഷൻ(ആർ.ഡബ്ല്യു.എ) എന്ന വേദി രൂപവത്കരിച്ചു. ഭരണകൂട സുരക്ഷാ ഏജൻസികളുടെ ഭാഗത്തുനിന്നുണ്ടാകുന്ന അക്രമങ്ങളും ഓപ്പറേഷനുകളും നേരിടാൻ പീപ്പ്ൾസ് വാർ ഗ്രൂപ്പ് (പി.ഡബ്ല്യു.ജി), മാവോയിസ്റ്റ് കമ്യൂണിസ്റ്റ് സെന്റർ (എം.സി.സി) എന്നീ സായുധ ഗ്രൂപ്പുകളും ഇവരുണ്ടാക്കി. സായുധ ഓപ്പറേഷനുകൾ നടത്തിയിരുന്നത് ഈ വിഭാഗങ്ങളുടെ നേതൃത്വത്തിലായിരുന്നു.

## നക്സൽ ഭീഷണിയെ അതിജയിക്കേണ്ടത്

ആദിവാസി, കർഷക, ന്യൂനപക്ഷ വിഭാഗങ്ങളെ ദ്രോഹിക്കുന്ന സാമ്പത്തിക നയമാണ് നമ്മുടെ രാജ്യത്തിന്റേത്. SEZ, STZ തുടങ്ങിയ ഇംഗ്ലീഷ് ചുരുക്കപ്പേരുകൾ കേൾക്കാൻ ഓമനത്തമുള്ളതാണെങ്കിലും അതിലടങ്ങിയിരിക്കുന്ന അപകടം അതിഭീകരമാണ്. അതിന്റെ നേർ സാക്ഷ്യങ്ങളിൽ ചിലതാണ് സിംഗൂർ, നന്ദിഗ്രാം, ബിജാപൂർ, ബൈറാംഗർ എന്നീ കാർഷിക ഭൂമികൾ. കാലങ്ങളായി കൃഷി ചെയ്തുപോരുന്ന കൃഷിയിടങ്ങൾ ദയാദാക്ഷിണ്യമില്ലാതെ അവരിൽനിന്നും പിടിച്ചുവാങ്ങി മുതലാളിത്ത കോർപറേറ്റുകളെ ഏൽപിച്ച് കൊടുക്കുന്ന ഏർപ്പാടിന്റെ ചുരുക്കപ്പേരുകളാണ് SEZ, STZ എന്നിവ. ഒരു ജനതയെ ഒന്നടങ്കം കുടിയൊഴിപ്പിച്ച് ആ പ്രദേശങ്ങളിൽ തങ്ങളുടെ വ്യവസായ സംരംഭങ്ങൾക്ക് പശ്ചാത്തല സൗകര്യമൊരുക്കുക എന്നത് മാത്രമാണ് കോർപറേറ്റുകളുടെ ലക്ഷ്യം. മനുഷ്യപ്പറ്റില്ലാത്ത വികസനമെന്നേ ഇതിനെ വിളിക്കാനാകൂ. തൊഴിൽ സാധ്യതയും തഥൈവ. വാഗ്ദാനം ചെയ്യപ്പെടുന്ന തൊഴിൽ സാധ്യതയുടെ പത്തിലൊരംശം പോലും നൽകാൻ ഇവർക്ക് സാധിക്കുകയില്ല. 50,000 പേർക്ക് തൊഴിൽ വാഗ്ദാനം ചെയ്ത് 1980-ൽ പഞ്ചാബിൽ ആരംഭിച്ച പെപ്സി കമ്പനിയിൽ 1991 ആയപ്പോഴേക്കും വെറും 482 പേർക്ക് മാത്രമാണ് തൊഴിൽ നൽകിയത്.

രാജ്യത്തിന്റെ കാർഷികരംഗം കോർപറേറ്റുകൾ കൈയടക്കിക്കൊണ്ടിരിക്കുകയാണ്. കാർഷികവൃത്തിക്ക് നൽകിവന്ന സബ്സിഡികളും ആനുകൂല്യങ്ങളും എടുത്ത് കളയുന്ന ക്രൂരതകൾ ഒരു വശത്ത് തുടരുമ്പോൾ മറുവശത്ത് മോൺസാന്റോ, കാർഗിൽ തുടങ്ങി മുതലാളിത്ത ഭീമന്മാരുടെ സാമ്പത്തിക താൽപര്യങ്ങൾ നടപ്പിലാക്കാൻ കാർഷികരംഗത്തെ പാകപ്പെടുത്തുന്ന പണിയിലാണ് സർക്കാറുകൾ. ഏറ്റവുമൊടുവിലത്തേതാണ് ബി.ടി വഴുതന കൊണ്ടുവരാനുള്ള ശ്രമം.

പാർശ്വവത്കൃത ജനവിഭാഗങ്ങളെ അവഗണിക്കുകയും അവരുടെ ജീവിതമാർഗങ്ങൾ തടയപ്പെടുകയും ചെയ്യുന്ന സാഹചര്യം നമ്മുടെ രാജ്യത്തിന്റെ വികസനമാതൃകയുടെ അടയാളമായി മാറിക്കഴിഞ്ഞിരിക്കുന്നു. അവരുടെ നിലവിളികളും രോദനങ്ങളും അന്തരീക്ഷത്തിലലിഞ്ഞില്ലാതാകുമ്പോൾ നിലനിൽപിനായി ഏതറ്റം വരെയും പോകാൻ അവർ നിർബന്ധിതരാവുകയാണ്. നിലവിൽ നക്സൽ-മാവോ ഭീഷണി ശക്തമാകാനുള്ള സാഹചര്യം ഇതാണ്. അഥവാ ചരിത്രപരവും സാമ്പത്തികവും സാമൂഹികവുമായ ജീവിത സംഘട്ടനങ്ങളുടെ തുടർച്ചയാണിത്. ഒരു രാജ്യത്ത് ജീവിക്കുന്ന പൗരന്മാർ ആ രാജ്യത്തോടും ഭരണകൂടങ്ങളോടും നീതിന്യായ വ്യവസ്ഥകളോടും എതിരാകുന്ന സാഹചര്യം സൃഷ്ടിച്ചതിന്റെ യഥാർഥ ഉത്തരവാദി ഭരണകൂടങ്ങൾതന്നെയാണ്.

പൗരന്മാർക്കിടയിൽ നീതി നടപ്പിലാക്കാൻ കഴിയാതെ വരികയും അവരുടെ അവകാശങ്ങൾ കാലങ്ങളായി സംരക്ഷിക്കപ്പെടാതിരിക്കുകയും ജീവിത മാർഗങ്ങൾ നിഷേധിക്കപ്പെടുകയും ചെയ്യുമ്പോൾ ഉണ്ടാകുന്ന സ്വാഭാവിക പ്രതികരണങ്ങൾ അതിന്റെ പാരമ്യത്തിൽ എത്തിയിരിക്കുകയാണിപ്പോൾ. ഈ സാഹചര്യങ്ങൾ ആയുധംകൊണ്ട് ഇല്ലാതാക്കാനാവില്ലെന്നതിന്റെ തെളിവാണ് നിരന്തരം ആവർത്തിക്കപ്പെടുന്ന നക്സൽ ആക്രമണങ്ങളും അതിനെതിരായ സർക്കാർ ഓപ്പറേഷനുകളും. കുറെ നിരപരാധികളും സൈനികരും വധിക്കപ്പെടുക എന്നല്ലാതെ പ്രശ്നങ്ങൾ അപരിഹൃതമായി തന്നെ തുടരുന്നു.

നക്സൽ പ്രസ്ഥാനങ്ങളിലേക്ക് ആകർഷിക്കപ്പെടുന്ന ആദിവാസികളുടെയും കർഷകരുടെയും മറ്റു അധഃസ്ഥിത ജനങ്ങളുടെയും യഥാർഥ പ്രശ്നങ്ങൾ പരിഹരിക്കാൻ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ ഒരു 'തീവ്ര കർമപദ്ധതി' നടപ്പിലാക്കാൻ തയാറാവണം. അവരുടെ ഭൂമികൾ കൈയേറുന്ന കോർപറേറ്റ് ഭീമന്മാരെ നിലക്ക് നിർത്താൻ ഭരണകൂടങ്ങൾക്ക് കഴിയണം. എങ്കിലേ ചർച്ചകളിലൂടെ പ്രശ്ന പരിഹാരത്തിന് വഴി തുറക്കൂ. നിരന്തരമായ നീതിനിഷേധങ്ങൾക്കും അവകാശ ലംഘനങ്ങൾക്കും വിധേയരായി ക്ഷമയുടെ നെല്ലിപ്പടി കണ്ട ജനങ്ങളെ തോക്കിൻതുമ്പിൽ വിറപ്പിച്ച്

നിർത്താൻ കഴിയുമെന്ന അബദ്ധധാരണ തിരുത്താൻ ഗവൺമെന്റും സുരക്ഷാ ഏജൻസികളും തയാറാകണം. അല്ലെങ്കിൽ ഇനിയും ഒരുപാട് സൈനികരെ നാം കുരുതിക്കൊടുക്കേണ്ടിവരും. സർക്കാർ ഖജനാവിലെ പണം ഒരുപാട് പാഴായിപ്പോവും. പ്രശ്നം വീണ്ടും ആളിക്കത്തി നമ്മുടെ ഉറക്കം കെടുത്തിക്കൊണ്ടിരിക്കുകയും ചെയ്യും. ■